പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: 153

12/02/2013 ൽ
മറുപടിക്ക്

## സിനിമാ തീയറ്ററുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ സിനിമാ തിയേറ്ററുകൾ നവീകരിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തെ കലാഭവൻ തീയേറ്റർ നവീകരിക്കുവാനും, കൈരളി തീയേറ്റർ വിഭജിച്ച് രണ്ടാക്കി മാറ്റി നവീകരിച്ച് പ്രവർത്തനമാരംഭിക്കുവാനും ഇതിനോടകം കെ. എസ്. എഫ്.ഡി.സി.ക്ക് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കെ.എസ്. എഫ്.ഡി.സി. കോഴിക്കോട്ടുള്ള കൈരളി/ ശ്രീ തീയേറ്റർ നവീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; | (ബി) | പ്രേക്ഷകരെ തീയേറ്ററിലേക്ക് ആകർഷിക്കുക എന്ന ഉദ്ദ്യേശത്തോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയാണ് തിയേറ്ററുകൾ നവീകരിക്കുന്നത്. ആധുനിക രീതിയിലുള്ള ടോയ്ലറ്റുകൾ, ഫുഡ്കോർട്ട്, പാർക്കിംഗ് സൗകര്യം, മികച്ച രീതിയിലുള്ള ചെയറുകൾ, കാര്യക്ഷമതയുള്ള എയർ കണ്ടീഷനിംഗ്, പ്രൊജക്ഷൻ, ശബ്ദസംവിധാനം, സി.സി.ടി.വി. തുടങ്ങിയ സൗകര്യങ്ങൾ നൽകി പ്രേക്ഷകർക്ക് നല്ല ഒരു ദൃശ്യാനുഭവം ഒരുക്കുകയെന്ന ഉദ്ദ്യേശത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകി സ്ഥാപനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (സി) | പദ്ധതി നടപ്പിലാക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ നെ പ്രോജക്ട് കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) | പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് ഇതിനോടകം തന്നെ തിരുവനന്തപുരത്തെ കലാഭവൻ തീയേറ്റർ ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. തലസ്ഥാനത്തെ കൈരളി തീയേറ്റർ വിഭജിച്ച് കൈരളി, നിള എന്നീ രണ്ട് തീയേറ്ററുകളാക്കി മാറ്റി. കൂടാതെ കൈരളി, നിള, ശ്രീ തീയേറ്റർ ആധുനിക സൗകര്യങ്ങളോടെ 120 ദിവസം കൊണ്ട് നവീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. |

Sheela M

സെക്ഷൻ ഓഫീസർ